# കേരള കാർഷിക സർവ്വകലാശാല

## കാർഷിക ഗവേഷണകേന്ദ്രം, ആനക്കയം

മലപ്പുറം– 676509

ഫോൺ: 0483 2848050, E-mail: arsanakkayam@kau.in


എ1–2252/2025 തീയതി : 09.09.2025

## അറിയിപ്പ്

*****

വിഷയം : കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം – കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II ദിവസവേതനാടിസ്ഥാനത്തിലുള്ള താത്കാലിക നിയമനം – സംബന്ധിച്ച്.

സൂചന : 1. സർവകലാശാല പരിപത്രം നമ്പർ ജിഎ/ജെ1/15723/2021 തിയ്യതി 11.11.22

2. 26.6 2025 തിയ്യതിയിലെ കെഎയുജിഎ/4933/25– ജിഎ–എ1 നമ്പർ കത്ത്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ താഴെ പറയുന്ന താത്കാലിക ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ജോലിക്ക് നിയോഗിക്കുന്നതിനായി യോഗ്യരായ ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നു.

| ക്രമ നം | തസ്തികയുടെ പേര് | അടിസ്ഥാന യോഗ്യത | പ്രായ പരിധി | ദിവസ വേതനം |
|---|---|---|---|---|
| 1 | കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് II | • എസ് എസ് എൽ സി അല്ലെങ്കിൽ തത്തുല്യ യോഗ്യത<br>1. ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് (കെ ജി ടി ഇ) ഹയർ & കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് അല്ലെങ്കിൽ തത്തുല്യ യോഗ്യത (2022 ജനുവരിക്ക് മുൻപ് കെ ജി ടി ഇ ടൈപ്പ് റൈറ്റിംഗ് പാസ്സായവർ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് അല്ലെങ്കിൽ തത്തുല്യ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. )<br><br>2. ടൈപ്പ് റൈറ്റിംഗ് മലയാളം (കെ ജി ടി ഇ) ലോവർ അല്ലെങ്കിൽ തത്തുല്യ യോഗ്യത<br>(1,2 ഗവ: അംഗീകൃതം) | 18 – 36 വയസ് (ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവർക്ക് 3 വർഷത്തിനും എസ്.സി/ എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷത്തിനും ഇളവ്) | 820/– |

ഏറ്റവും കൂടിയത് 59 ദിവസത്തേക്കോ അല്ലെങ്കിൽ സ്ഥിരനിയമനം /എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് യോഗ്യരായ വ്യക്തികൾ ജോലിക്ക് ഹാജരാകുന്നത് വരെയോ (ഏതാണോ ആദ്യം അതുവരെ) മാത്രമാണ് ഇത്തരത്തിൽ ജോലിയ്ക്ക് നിയോഗിക്കപ്പെടുന്നവർക്ക് ജോലി ചെയ്യാനുള്ള അവസരം.

താല്പര്യം ഉള്ള ഉദ്യോഗാർത്ഥികൾ www.kau.in വിജ്ഞാപനത്തിന്റെ കൂടെ ലഭ്യമാക്കിയിട്ടുള്ള അപേക്ഷ ഫോം ഡൗൺലോഡ് ചെയ്ത് പൂർണ്ണമായും പൂരിപ്പിച്ച് arsanakkayam@kau.in എന്ന ഇമെയിൽ അഡ്രസ്സിലേക്ക് **14.09.2025-ന് 5.00 PM** മണിക്ക് മുൻപായി ലഭ്യമാക്കേണ്ടതാണ്. ഇ മെയിൽ അപേക്ഷയിൽ സബ്ജക്റ്റ്-ആയി **"Application for the post of Computer Assistant on daily wage basis"** എന്ന് നിർബന്ധമായും ചേർക്കേണ്ടതാണ്. പ്രസ്തുത തിയതിക്കും സമയത്തിനും ശേഷം ലഭ്യമാകുന്ന അപേക്ഷയും, പൂർണ്ണമായും പൂരിപ്പിക്കാതെ ലഭ്യമാകുന്ന അപേക്ഷയും പരിഗണിക്കുന്നതല്ല.

താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ പൂരിപ്പിച്ച് ലഭ്യമാക്കിയ അസ്സൽ അപേക്ഷ ഫോമും, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ഓരോ പകർപ്പുകളും സഹിതം **16.09.2025**-ആം തീയ്യതി രാവിലെ **10** മണിക്ക് ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. കേന്ദ്രത്തിൽ വച്ച് നടക്കുന്ന എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂ-ന്റെയും അടിസ്ഥാനത്തിലായിരിക്കും നിയമനം.

വിശദ വിവരങ്ങൾക്കായി 0483-2848050 എന്ന നമ്പറിൽ പ്രവൃത്തി സമയത്ത് ബന്ധപ്പെടുക.

(ഒപ്പ്)

ഡോ. മുസ്തഫ കുന്നാത്താടി
പ്രൊഫസർ & ഹെഡ്

പകർപ്പ്,

1. നോട്ടീസ് ബോർഡ്(ഫാം /ഓഫീസ്)
2. കെ.എ.യു.വെബ്സൈറ്റ്
3. എഡിആർ, ആർ.എ.ആർ.എസ്, പട്ടാമ്പി
4. ആനക്കയം (പഞ്ചായത്ത് ഓഫീസ്/ കൃഷിഭവൻ/വില്ലേജ് ഓഫീസ്)